പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 228 — 18.3.2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ജംഗിൾ ട്രെയിനിംഗ്

| ചോദ്യം<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ: | മറുപടി<br>തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) പോലീസ് സേനയിൽ ഉള്ള ഏതെല്ലാം വിഭാഗങ്ങൾക്ക് ഏതെല്ലാം നിലയിലുള്ള ട്രെയിനിംഗ് ഇപ്പോൾ നല്കി വരുന്നുണ്ട്; വിശദമാക്കാമോ; | (എ) പോലീസ് സേനയിലെ കോൺസ്റ്റബിൾമാർക്ക്, അടിസ്ഥാന പരിശീലനത്തിനു പുറമേ ആയുധ പരിശീലനം, നീന്തൽ പരിശീലനം, ജംഗിൾ ട്രെയിനിംഗ് മുതലായവ നൽകി വരുന്നു. |
| ബി) വനത്തിലെ ഒളിപ്പോരാളികളെയും മറ്റും നേരിടുന്നതിനു വേണ്ടിയുള്ള ജംഗിൾ ട്രെയിനിംഗ് ഈയടുത്ത കാലത്ത് പോലീസിന് നല്കുകയുണ്ടായോ; എങ്കിൽ ഏതെല്ലാം സ്ഥലത്തുവെച്ച് ഏതെല്ലാം തീയതികളിൽ; | (ബി)യും, (സി)യും, (ഡി)യും) 26.02.2013 മുതൽ 2.3.2013 വരെ കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ലോറിക്കടവ് വനപ്രദേശത്ത് വച്ച് റിക്രൂട്ട് ട്രെയിനിംഗിന്റെ ഭാഗമായി പോലീസിന് ജംഗിൾ ട്രെയിനിംഗ് നൽകുകയും അതിന്റെ സമാപനത്തോട് അനുബന്ധിച്ച് 2.3.2013 ന് വിവിധ അഭ്യാസ പ്രകടനങ്ങളും നടത്തുകയുണ്ടായി. സമാപന പരിപാടികളിൽ ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പി ശ്രീമതി. സന്ധ്യ, ഐ.പി.എസ്, ആംഡ് പോലീസ് ബറ്റാലിയൻ ഡി.ഐ.ജി, ശ്രീ. വിജയശ്രീകുമാർ ഐ.പി.എസ്, എസ്.എ.പി.കമാണ്ടന്റ് ശ്രീ. കെ.കെ. ബാലചന്ദ്രൻ, ഐ.പി.എസ് എന്നിവർ പങ്കെടുത്തു. വനപ്രദേശത്ത് വച്ച് തീവ്രവാദികളും പോലീസും തമ്മിലുള്ള ഏറ്റുമുട്ടൽ പരിശീലനത്തിന്റെ demonstration കാണിക്കുകയും Blank Ammunition ഉപയോഗിച്ച് വെടിവയ്ക്കുകയും ചെയ്തു. Demonstration ചെയ്തു കൊണ്ടിരുന്ന റിക്രൂട്ട് പോലീസുകാരുടെ, Point 303 Rifle, പരിപാടികൾ കണ്ടു കൊണ്ടിരുന്ന ബറ്റാലിയൻADGP ശ്രീമതി. സന്ധ്യയും മറ്റും ഇരുന്ന ഡയസിന്റെ ഭാഗത്തേക്ക് ചൂണ്ടുകയുണ്ടായി. |
| സി) ഈ ട്രെയിനിംഗ് പുനരാരംഭിച്ചത് എന്ന് മുതലാണ്; കുളത്തൂപ്പുഴ വനത്തിൽ വെച്ച് ജംഗിൾ ട്രെയിനിംഗ് നടക്കുകയുണ്ടായോ; ഇവിടെ ഒളിപ്പോർ അഭ്യസിച്ച ഏതെങ്കിലും കോൺസ്റ്റബിൾ ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥയ്ക്കു നേരെ തോക്ക് ചൂണ്ടുകയുണ്ടായോ; | |
| ഡി) എങ്കിൽ ആർക്ക് നേരെ; ഇതേത്തുടർന്ന് മുഖ്യമന്ത്രിക്ക് ലഭിച്ച പരാതി എന്തായിരുന്നു; അതേക്കുറിച്ച് അന്വേഷണം നടത്താൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; അന്വേഷണ റിപ്പോർട്ട് ലഭിക്കുകയുണ്ടായോ; വിശദമാക്കുമോ? | ഇത് സംബന്ധിച്ച് മുഖ്യമന്ത്രിക്ക് പരാതിയൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ